**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1833** **08-02-2023 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ-മുപ്ലിയം കെ.എസ്.ആർ.ടി.സി സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെ തുടർന്ന് നിർത്തലാക്കിയ തൃശ്ശൂർ-മുപ്ലിയം കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഇനിയും പുനരാരംഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് മഹാമാരിയെ തുടർന്ന് നിന്നു പോയ 11.45 മുപ്ലിയം, 12.05 മുപ്ലിയം എന്നീ സർവ്വീസുകളിലെ പ്രധാനപ്പെട്ടതും തിരക്കുള്ളതുമായ ട്രിപ്പുകൾ 07.10 ഇഞ്ചക്കുണ്ട്, 06.25 കോടാലി എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തി നിലവിൽ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. കൂടാതെ 08.00 ഇഞ്ചക്കുണ്ട് - മുപ്ലിയം - തൃശ്ശൂർ, 05.15 തൃശ്ശൂർ - മുപ്ലിയം എന്നീ സർവ്വീസുകളും, 14.30 തൃശ്ശൂർ - മുപ്ലിയം, 15.50 മുപ്ലിയം - ആമ്പല്ലൂർ എന്നീ ട്രിപ്പുകളും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. സ്റ്റേ സൗകര്യം ലഭ്യമല്ലാത്തതിനാൽ 17.45 തൃശ്ശൂർ - കോടാലി ട്രിപ്പ് പുനരാരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. |
| (ബി) | ലാഭകരമായി സർവ്വീസ് നടത്തിയിരുന്ന പ്രസ്തുത സർവ്വീസ് പുനരാരംഭിയ്ക്കുന്നതിനും വൈകുന്നേരം 5 മണിക്ക് ശേഷം തൃശ്ശൂരിൽ നിന്നും മുപ്ലിയത്തേയ്ക്ക് ഓർഡിനറി സർവ്വീസ് നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | പുതിയ ട്രിപ്പുകൾ ആരംഭിക്കുന്നതിന് സാദ്ധ്യതാപഠനം നടത്തുന്നതിനും നഷ്ടത്തിലുള്ളവ ജനകീയ പ്രതിബദ്ധതയോടെ സർവ്വീസ് നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ